# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വ്യവസായ മേഖലയിലെ പുതിയ പദ്ധതികൾ</u>

2113 ശ്രീ. പി. കെ. ഗുരുദാസൻ
,, വി. ചെന്താമരാക്ഷൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വ്യാവസായിക മേഖലയിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ 2012 മെയ് 31 വരെ ഏതെല്ലാം പദ്ധതികൾ ആരംഭിച്ചുവെന്നും ഇതുമൂലം എത്ര തൊഴിലവസരം ലഭ്യമായി എന്നും വ്യക്തമാക്കാമോ;

(സി) പ്രഖ്യാപിച്ച പദ്ധതികളിൽ പ്രാരംഭ പ്രവർത്തനങ്ങൾപോലും നടത്തിയിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമെന്നും ഇതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

2114 **ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നിലവിലുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ബാങ്കുകളിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ചെറുകിട വ്യവസായം ആരംഭിക്കുന്നതിലൂടെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അഭ്യസ്തവിദ്യർക്ക് പ്രത്യേക സൗകര്യങ്ങൾ നൽകുന്ന കാര്യം ആലോചിക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

### സ്റ്റേറ്റ് പോർട്ടൽ സർവ്വീസ് ഗേറ്റ്‌വേ

2115 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾ ഇന്റർനെറ്റ് മുഖേന ലഭ്യമാക്കുന്നതിനായി ആവിഷ്ക്കരിച്ച 'സ്റ്റേറ്റ് പോർട്ടൽ സർവ്വീസ് ഡെലിവറി ഗേറ്റ്‌വേ' പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതി വഴി എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്; വിശദാംശം നൽകുമോ;

(സി) ഇ-ഗവേണൻസ് സൗകര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വ്യവസായ രംഗത്ത് കേന്ദ്രനിക്ഷേപം</u>

2116 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. പി. കെ. ഗുരുദാസൻ
,, പി. ശ്രീരാമകൃഷ്ണൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യയസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായരംഗത്ത് കേന്ദ്രനിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ജനസംഖ്യാനുപാതികമായി അർഹമായ കേന്ദ്രനിക്ഷേപം ലഭിക്കാതിരിക്കുന്നത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ;

(സി) കേന്ദ്രനിക്ഷേപം വർദ്ധിപ്പിച്ച് കിട്ടുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ ഇതിനകം നടത്തിയ ശ്രമങ്ങളും, മുന്നോട്ടുവച്ച പദ്ധതികളും സംബന്ധിച്ച് വിശദമാക്കാമോ; ഇല്ലെങ്കിൽ അതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം ഇ.ആർ.പി. മുഖേന ലഭ്യമാക്കുന്നത്</u>**

2117 **ശ്രീ. ബെന്നി ബെഹനാൻ**
**,, തേറമ്പിൽ രാമകൃഷ്ണൻ**
**,, വി.പി. സജീന്ദ്രൻ**
**,, പി.എ. മാധവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അവസാന വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം സംബന്ധിച്ച കണക്ക് വ്യാജമായി റിപ്പോർട്ട് ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) ഇത്തരം പ്രവണതകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം സംബന്ധിച്ച ശരിയായ കണക്കുകൾ യഥാസമയം ലഭ്യമാക്കുന്നതിനായി ഇ.ആർ.പി സംവിധാനം അടിയന്തിരമായി നടപ്പിലാക്കുമോ?

**കേരള നിയമസഭ**

**19.06.2012 -ലെ മറുപടിക്ക്**

**<u>സീപ്ലെയിൻ സർവ്വീസ്</u>**

2118 ശ്രീ. ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീപ്ലെയിൻ സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്;

(ബി) ഏത് ഏജൻസി വഴിയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ആസൂത്രണ ബോർഡ് തുക അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്ക്**

2119 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ആകെ എത്ര കോടി രൂപ ലാഭമുണ്ടാക്കിയെന്ന് വ്യക്തമാക്കുമോ; ആയതിൽ നിന്നും എത്ര കോടി രൂപ സർക്കാരിലേക്ക് ലാഭവിഹിതമായി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം പ്രസ്തുത കാലയളവിൽ നഷ്ടത്തിൽ വന്നിട്ടുണ്ടോ; എങ്കിൽ അപ്രകാരം നഷ്ടത്തിൽ വന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം നഷ്ടത്തിലാകുവാനുണ്ടായ കാരണം വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാനത്ത് ആരംഭിക്കുന്ന സംരംഭങ്ങൾ</u>**

**2120 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാനത്ത് എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്;**

(ബി) **മുൻ സർക്കാർ ഇത്തരത്തിൽ എത്ര സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു; അവ ഓരോന്നിന്റെയും ഇപ്പോഴത്തെ പ്രവർത്തനം വിശദമാക്കാമോ ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**മുൻസർക്കാർ ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ**

2121 **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ മുൻ സർക്കാരിന്റെ കാലത്ത് പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയെണ്ണം ആരംഭിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ;

(സി) പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി സർക്കാർ എത്ര തുക വീതം നിക്ഷേപം നടത്തിയിട്ടുണ്ടെന്നും ആയതിനുള്ള പണം എപ്രകാരമാണ് സ്വരൂപിച്ചതെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണം**

**2122 ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ പൂട്ടികിടക്കുന്നു; അവ ഏതെല്ലാം;

(ബി) പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി ആരംഭിച്ച പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും ഉല്പാദന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വ്യവസായ വകുപ്പിന്റെ പുതിയ പദ്ധതികൾ</u>

2123 പ്രൊഫ: സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് മുഖേന നടപ്പു സാമ്പത്തിക വർഷം എസ്.ഇ.എസ്.ഇ.വൈ. , ഡബ്ല്യു.ഐ.എസ് എന്നീ പദ്ധതികൾ നടപ്പിലാക്കുമോ;

(ബി) ഇ.എസ്.എസ് എന്ന പേരിൽ നിർദേശിക്കപ്പെട്ടിരിക്കുന്ന പദ്ധതി 2012-13 സാമ്പത്തിക വർഷം നടപ്പിലാക്കുമോ;

(സി) എം.എസ്.എം.ഇ കൾക്ക് പ്രോത്സാഹനമായി എന്ത് പ്രായോഗിക പദ്ധതിയാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വൻകിട വ്യവസായങ്ങൾ ആരംഭിയ്ക്കുന്നത്</u>

2124

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഭൂമി ഏറ്റെടുത്ത് നൽകുന്ന നടപടിയ്ക്ക് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എത്ര പേർ സന്നദ്ധരായി വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതുമൂലം എത്ര കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**അതിവേഗ റെയിൽ കോറിഡോർ പദ്ധതി**

**2125 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

'അതിവേഗ റെയിൽ കോറിഡോർ' പദ്ധതിയ്ക്കായി ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**എമർജിംഗ് കേരള 2012**

**2126** ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **എമർജിംഗ് കേരള 2012 ന്റെ ഭാഗമായി 2012 മേയ് 12 ന് മുംബൈയിൽ നടന്ന ബിസിനസ്സ് മീറ്റിൽ രാജ്യത്തിനകത്തു നിന്നും പുറത്തു നിന്നും എത്ര കമ്പനികൾ പങ്കെടുത്തുവെന്ന് വെളിപ്പെടുത്തുമോ ; ഇതിൽ എത്ര കമ്പനികൾ മുതൽ മുടക്കാൻ തയ്യാറെന്ന് അറിയിച്ചിട്ടുണ്ടെന്ന് പറയാമോ ;**

(ബി) **എമർജിംഗ് കേരള 2012 മായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**'എമർജിംഗ് കേരള' - പരസ്യചെലവ്**

**2127 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ടുള്ള പരസ്യത്തിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം ഇനം തിരിച്ചു വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര റോഡ്ഷോകൾ നടത്തിയിട്ടുണ്ട് ; ആയതിലേക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കുമോ ;

(സി) കൊച്ചിയിൽ വച്ച് നടത്തുവാനിരിക്കുന്ന 'എമർജിംഗ് കേരള 2012'മായി ബന്ധപ്പെട്ട് മുംബൈയിൽ വച്ച് നടന്ന ചർച്ചയിൽ എത്ര വ്യവസായഗ്രൂപ്പുകൾ പങ്കെടുത്തുവെന്നതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>എമർജിംഗ് കേരള 2012</u>

2128 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള 2012 ന്റെ ഭാഗമായി ഡൽഹിയിൽ നടത്തിയ റോഡ് ഷോയ്ക്കും മുംബൈയിൽ നടത്തിയ ബിസിനസ് മീറ്റിനും എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ വിദേശ നിക്ഷേപകരെ പ്രതിനിധീകരിച്ചു ഏതെല്ലാം സ്ഥാപനങ്ങളാണ് പങ്കെടുത്തതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>എമർജിംഗ് കേരളയിലൂടെ സംസ്ഥാനത്തിന് ലഭ്യമാകുന്ന നിക്ഷേപം</u>**

**2129** **ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**എമർജിംഗ് കേരള സംഗമത്തിലൂടെ സംസ്ഥാനത്ത് എത്ര തുകയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**എമർജിംഗ് കേരള - വ്യവസായ ഗ്രൂപ്പ്**
**നിർദ്ദേശിച്ച പദ്ധതികൾ**

2130 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 സെപ്തംബറിൽ നടക്കുന്ന എമർജിംഗ് കേരള മീറ്റിൽ സംബന്ധിക്കുന്നതിന് സർക്കാർ ഇതിനകം ഏതെല്ലാം വ്യവസായ ഗ്രൂപ്പുകളുമായാണ് ചർച്ച നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ ഓരോ വ്യവസായ ഗ്രൂപ്പും നിർദ്ദേശിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ ;

(സി) എമർജിംഗ് കേരളയുടെ ഭാഗമായി ഏതെങ്കിലും വ്യവസായ ഗ്രൂപ്പുമായി സർക്കാർ എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) എമർജിംഗ് കേരള പരിപാടിയുടെ സംഘാടനത്തിനും പ്രചാരണത്തിനുമായി സർക്കാർ ഇതിനകം എന്തു തുക ചെലവഴിച്ചെന്നും ഇതിനായി എന്തു തുക ആവശ്യമായി വരുമെന്നും വെളിപ്പെടുത്താമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കേരളം രാജ്യാന്തര ബിസിനസ് ഹബ്**

**2131 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തെ രാജ്യാന്തര ബിസിനസ്സ് ഹബ്ബായി മാറ്റുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രയോജനപ്പെടുത്തിയിട്ടുളള അവസരങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി പ്രത്യേക പദ്ധതികൾ പുതുതായി രൂപീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലായെങ്കിൽ അനുബന്ധ പദ്ധതി രൂപീകരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണം**

2132 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കൈത്തറി, കശുവണ്ടി, കയർ, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി നടപ്പിലാക്കിയ നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>പൊതുമേഖലാ കമ്പനികളുടെ രജിസ്ട്രേഷൻ</u>

2133 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പിൻ കീഴിൽ സംസ്ഥാനത്ത് ഇതുവരെ എത്ര കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ പൊതുമേഖല കമ്പനികൾ എത്ര എന്നും സ്വകാര്യ മേഖല കമ്പനികൾ എത്രയെന്നും അറിയിക്കുമോ;

(സി) പ്രസ്തുത കമ്പനികളുടെ ആകെ മൂലധനം എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുപ്രകാരം എത്രപേർക്ക് തൊഴിൽ ലഭിക്കുമെന്നറിയിക്കാമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>വ്യാവസായിക പദ്ധതികൾക്ക് ഓൺലൈൻ ഏകജാലക സംവിധാനം</u>**

**2134**

ശ്രീ. റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുതിയ വ്യാവസായിക പദ്ധതികൾക്ക് അനുമതി നൽകുന്നതിന് ഓൺലൈൻ ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏത് സ്ഥാപനമാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്;

(സി) വ്യവസായ സംരംഭകർക്ക് പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) വിവിധ വകുപ്പുകളിൽ നിന്ന് പദ്ധതി നടത്തിപ്പിനുള്ള അനുമതി ലഭിക്കുന്നത് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഈ രീതിയിൽ സജ്ജീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>പൊതുമേഖലാ സ്ഥാപനങ്ങൾ അവതരിപ്പിച്ച വ്യാജ കണക്കുകൾ</u>**

2135 **ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **മുൻ സർക്കാരിന്റെ കാലത്ത് വ്യാജമായ കണക്കുകൾ അവതരിപ്പിച്ച് ലാഭത്തിലാണെന്ന് തെറ്റിദ്ധരിപ്പിച്ച എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;**

(ബി) **വ്യാജമായ കണക്കുകൾ അവതരിപ്പിക്കാൻ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന കാര്യം വെളിപ്പെടുത്തുമോ;**

(സി) **മുൻ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് ലാഭമായി ലഭിച്ചതെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**സിഡ്കോയുടെ കീഴിലുള്ള വ്യാപാര വാണിജ്യ ശൃംഖല**

**2136** **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സിഡ്കോയുടെ കീഴിലുള്ള വ്യാപാര വാണിജ്യ ശൃംഖലയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വ്യാപാര ശൃംഖല എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സിഡ്കോയിലൂടെ വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സിഡ്കോയുടെ വ്യാപാര ശൃംഖല പൊതുവിതരണ സംരംഭങ്ങളുമായി കൂട്ടി യോജിപ്പിക്കുമോ;

(ഇ) സിഡ്കോയുടെ സ്വന്തം വിതരണ കേന്ദ്രങ്ങളിലൂടെയാണ് വ്യാപാരം നടത്തുവാൻ ഉദ്ദേശിക്കുന്നതെങ്കിൽ അത് സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.06.2012 -ലെ മറുപടിക്ക്

**ചീമേനി താപവൈദ്യുത നിലയം**

2137 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പും വൈദ്യുതി വകുപ്പും സംയുക്തമായി ജില്ലയിലെ ചീമേനിയിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന താപ നിലയത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഭൂമി സൗജന്യമായി ലഭിച്ചിട്ടും അതിന്റെ പ്രവർത്തനം ആരംഭിക്കുവാൻ വൈകുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വ്യാവസായിക മലിനീകരണം - സമഗ്രപഠനം</u>

2138 **പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് നിലവിലുള്ള വ്യവസായങ്ങളുടെ മലിനീകരണ പ്രശ്നങ്ങളെക്കുറിച്ച് സമഗ്രമായി പഠിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് അതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ഐ.ഇ.യുടെ വാഹനങ്ങൾ**

2139 **ശ്രീ. പി.റ്റി.എ. റഹിം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

9എ) കെ.എസ്.ഐ.ഇ. എന്ന സർക്കാർ സ്ഥാപനത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം വാഹനങ്ങൾ വാങ്ങിയിട്ടുണ്ടോ;

(ബി) എന്താവശ്യത്തിലേയ്ക്കാണ് വാഹനങ്ങൾ വാങ്ങിയത് എന്നും പ്രസ്തുത വാഹനങ്ങൾ കമ്പനിയുടെ പേര് വെയ്ക്കാതെ ഓടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ യെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**

**19.06.2012 -ലെ മറുപടിക്ക്**

**ചേർത്തലയിൽ റയിൽ കംപോണന്റ് ഫാക്ടറി**

**2140 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ചേർത്തലയിൽ റയിൽ കംപോണന്റ് ഫാക്ടറി തുടങ്ങുവാൻ സംസ്ഥാന സർക്കാരും റെയിൽവേയും എന്നാണ് കരാർ ഒപ്പിട്ടത് എന്ന് അറിയിക്കാമോ ;**

(ബി) **പദ്ധതി ഇതുവരെയായും ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;**

(സി) **പദ്ധതി പ്രാവർത്തികമാക്കുവാൻ സംസ്ഥാന സർക്കാർ ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ ; പദ്ധതി എപ്പോൾ ആരംഭിക്കുവാൻ സാധിക്കും എന്ന് വെളിപ്പെടുത്താമോ ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ ലൈസൻസുള്ള കരിങ്കൽ/ചെങ്കൽ ക്വാറികൾ**

2141 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ലൈസൻസുള്ള എത്ര കരിങ്കൽ/ചെങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്വാറി ഉടമകളുടെ പേരും മേൽവിലാസവും ലഭ്യമാക്കുമോ;

(സി) പ്രസ്തുത ക്വാറികൾ റോയൽറ്റി ഇനത്തിൽ 2011-12 വർഷത്തിൽ എത്ര തുകവീതം സർക്കാരിലേക്ക് അടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പുതിയ പൊതുമേഖലാ വ്യവസായ യൂണിറ്റുകളിലെ നിയമനം റദ്ദ് ചെയ്ത നടപടി**

**2142 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ പുതുതായി ആരംഭിച്ച എട്ട് പൊതുമേഖലാ വ്യവസായ യൂണിറ്റുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് തയ്യാറാക്കിയ ലിസ്റ്റ് റദ്ദ് ചെയ്തിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം കാരണങ്ങളാലാണ് ലിസ്റ്റ് റദ്ദാക്കിയതെന്ന് വിശദമാക്കാമോ ;

(ബി) ലിസ്റ്റ് റദ്ദാക്കിക്കൊണ്ട് സർക്കാർ ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ലിസ്റ്റ് റദ്ദാക്കിയ സാഹചര്യത്തിൽ പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ നിയമനത്തിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്നും, ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുളളതെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കുണ്ടറ സിറാമിക്സിന്റെ പ്രവർത്തനം**

2143 ശ്രീ. പി. റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുണ്ടറ സിറാമിക്സ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഈ സ്ഥാപനത്തിൽ ഏതെല്ലാം സാമഗ്രികളാണ് ഉത്പാദിപ്പിക്കുന്നത്;

(ബി) കഴിഞ്ഞ പത്ത് വർഷക്കാലത്തെ ലാഭനഷ്ട കണക്ക് എത്രയാണ് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥാപനത്തിനായി എത്ര വാഹനങ്ങൾ നിലവിലുണ്ട്;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയ വാഹനം വാങ്ങിയിട്ടുണ്ടോ; എങ്കിൽ എന്തിന് വേണ്ടിയാണ് ഉപയോഗപ്പെടുത്തുന്നത് ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ഇൻകെലിന്റെ 2011-12-ലെ പദ്ധതികളും ഭൂമി കൈമാറ്റവും**

2144 **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇൻകെൽ 2011-2012 വർഷം ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) കോഴിക്കോട് കേരളാ സോപ്സിന്റെ ഭൂമി ഇൻ കെലിന് കൈമാറാനുള്ള മുൻ സർക്കാരിന്റെ തീരുമാനം നടപ്പായിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥലത്ത് കൺവെൻഷൻ സെന്റർ ആരംഭിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>സിഡ്കോ മുഖാന്തിരം സ്ഥാപിക്കുന്ന</u>
<u>ഹൈമാസ്റ്റ്-ലൈറ്റുകൾ</u>

2145 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സിഡ്കോ ഹൈമാസ്റ്റ്-ലൈറ്റുകളുടെ ഉൽപ്പാദനമോ വിതരണ മോ നടത്തുന്നുണ്ടോ;

(ബി) നിയമസഭാസാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് സ്ഥാപിക്കുന്ന ഹൈമാസ്റ്റ്-ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി സിഡ്കോയ്ക്ക് ലഭിക്കുന്ന പ്രവൃത്തികൾ ഏത് ഏജൻസി മുഖാന്തിരമാണ് നടത്തുന്നത്;

(സി) പ്രസ്തുത ലൈറ്റുകളുടെ സ്ഥാപനം, പരിപാലനം എന്നിവ നിർവ്വഹിക്കുന്നതിന് കൊല്ലം ജില്ലയിൽ സിഡ്കോ ചുമതലപ്പെടുത്തിയ ഏതെങ്കിലും ഏജൻസിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**

**19.06.2012 -ലെ മറുപടിക്ക്**

**മലപ്പുറം പാണക്കാട് വ്യവസായ വളർച്ചാ കേന്ദ്രം**

**2146 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പാണക്കാട് വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം ആരംഭിച്ച പദ്ധതികൾ വിശദീകരിക്കാമോ;

(ബി) എഡ്യൂ-ഹെൽത്ത് സിറ്റി, കമ്മ്യൂണിറ്റി കോളേജ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(സി) പുതിയ എന്തെല്ലാം പദ്ധതികളാണ് ഇവിടെ നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>പെരിങ്ങോം - വയക്കര വ്യവസായ വളർച്ചാ കേന്ദ്രം</u>**

**2147**

**ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സർക്കാർ വക സ്ഥലം ലഭ്യമായിട്ടുള്ള പെരിങ്ങോം - വയക്കര കേന്ദ്രീകരിച്ച് ഒരു വ്യാവസായിക വളർച്ചാ കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം**

2148 **ശ്രീ. സി. പി. മുഹമ്മദ്**

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വെളിപ്പെടുത്തുമോ ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കൊരട്ടിയിൽ ആധുനിക പ്രിന്റിംഗ് വില്ലേജ്**

2149 **ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊരട്ടിയിലെ കിൻഫ്രയ്ക്ക് സമീപമുള്ള സർക്കാർ പ്രസ്സ് വക സ്ഥലത്ത് ആധുനിക പ്രിന്റിംഗ് വില്ലേജ് ആരംഭിക്കുന്നതിന് പ്രസ്സ് വക സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**19.06.2012 -ലെ മറുപടിക്ക്**

**<u>തുറവൂരിൽ വ്യവസായ പാർക്ക്</u>**

2150 **ശ്രീ. എ.എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂരിൽ കിൻഫ്ര വഴി വ്യവസായ പാർക്കിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ജനവാസകേന്ദ്രങ്ങളെ പരമാവധി ഒഴിവാക്കി സ്ഥലം ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ചിറയിൻകീഴ് താലൂക്കിലെ വ്യവസായ യൂണിറ്റുകൾ**

2151 **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിൽ വ്യവസായ വകുപ്പിന്റെ കീഴിൽ ആകെ എത്ര വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ; ഇതിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കു വേണ്ടി മാത്രമുള്ള യൂണിറ്റുകൾ എത്രയെണ്ണം; അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) എസ്. സി./എസ്. ടി. വിഭാഗങ്ങൾക്ക് ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാൻ ഏതെല്ലാം തരത്തിലുള്ള സഹായമാണ് ചെയ്തുകൊടുക്കുന്നതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>പഴയന്നൂർ വ്യവസായ പാർക്ക്</u>**

**2152 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ വ്യവസായ പാർക്കിലെ വ്യവസായ സംരംഭകർക്ക് സിഡ്കോയിൽ നിന്നും ലഭ്യമാക്കിയിട്ടുളള വ്യവസായ പ്രോത്സാഹന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ചെറുകിട വ്യവസായികാവശ്യത്തിനുവേണ്ടി ഈ വ്യവസായ പാർക്കിൽ പ്ലോട്ടുകൾ വാങ്ങിയിട്ടുളളവർക്ക് സമയ ബന്ധിതമായി വ്യവസായങ്ങൾ ആരംഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പൊതുമേഖലാ കമ്പനികളുടെ വ്യാജ ലാഭനഷ്ട കണക്കുകൾ**

2153 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ചില പൊതുമേഖലാ കമ്പനികൾ കണക്കുകൾ പെരുപ്പിച്ച് കാണിച്ച് ലാഭത്തിലാണെന്ന റിപ്പോർട്ടുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ 5 വർഷക്കാലത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ യഥാർത്ഥ ലാഭനഷ്ട കണക്കുകൾ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തെറ്റായ ലാഭനഷ്ട കണക്കുകൾ നൽകുന്നതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കൈത്തറി മേഖലയിലെ സമഗ്ര പുനരുദ്ധാരണ പാക്കേജ്**

**2154** ശ്രീ. എ. റ്റി. ജോര്‍ജ്
,, സി. പി. മുഹമ്മദ്
,, പി. എ. മാധവന്‍
,, കെ. അച്ചുതന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കൈത്തറി മേഖലയുടെ വികസനത്തിന് ഈ സര്‍ക്കാരിന്റെ കാലയളവില്‍ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുളളതെന്ന് വിശദമാക്കുമോ ;

(ബി) ഈ മേഖലയിലെ സമഗ്ര പുനഃരുദ്ധാരണ പാക്കേജില്‍ എന്തെല്ലാം നടപടികള്‍ കൈക്കൊളളുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ ഭാഗമായി ഏതെല്ലാം ഏജന്‍സികളുമായി എം.ഒ.യു. ഒപ്പിട്ടിട്ടുണ്ട്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(ഡി) പുനഃരുദ്ധാണ പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന - ജില്ലാ തലങ്ങളില്‍ അവലോകന സമിതികള്‍ രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>കൈത്തറിമേഖലയുടെ പുനരുദ്ധാരണം</u>

2155 ശ്രീ. കെ. ശിവദാസന്‍ നായര്‍
,, കെ. അച്ചുതന്‍
,, ഷാഫി പറമ്പില്‍
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കൈത്തറി പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പുനരുദ്ധാരണ പാക്കേജില്‍ ഹാന്റെക്സിനെ ഉള്‍പ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിൽ ഉദ്യോഗസ്ഥയുടെ സസ്പെൻഷൻ**

**2156** **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിലെ അക്കൗണ്ട്സ് ഓഫീസറെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥയ്ക്കെതിരെ ഏതെല്ലാം വിധത്തിലുളള അന്വേഷണത്തിനാണ് ഉത്തരവിട്ടിട്ടുളളത്; അന്വേഷണം പൂർത്തിയായോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി അറിയിക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ചാത്തന്നൂരിലെ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ**

**2157** **ശ്രീ. ജി.എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നിലവിലുള്ള സാമ്പത്തിക ബാദ്ധ്യതകൾ ഏതൊക്കെയാണ് എന്ന് തുക ഉൾപ്പെടെ അറിയിക്കുമോ;

(ബി) സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കി മിൽ നവീകരിക്കുന്നതിലേക്ക് ഏതെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം മില്ലിന് എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നൽകിയിട്ടുള്ളത്; പ്രസ്തുത തുകകൾ എന്തൊക്കെ ആവശ്യത്തിന് വിനിയോഗിച്ചുവെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത മിൽ നവീകരിക്കുന്നതിലേക്കായി എന്തെങ്കിലും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം വെളിവാക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കോമളപുരം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം**

**2158** **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോമളപുരം സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി;

(ബി) പ്രസ്തുത മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ
തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) കോമളപുരം സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കുമ്പോൾ അവിടെ ജോലി ചെയ്തു വന്നിരുന്ന ജീവനക്കാരെ അടച്ചു പൂട്ടിയ കാലയളവിലെ ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് തിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി നിർമ്മാണ പ്രവർത്തനം</u>

2159 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പ്രദേശത്ത് നിലവിൽ പൂർത്തീകരിച്ച നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) ഇതിനായി എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ട്;

(സി) സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടതിനുശേഷം പദ്ധതി പ്രവർത്തനം വളരെ മന്ദഗതിയിലാണ് നടക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>സ്മാർട്ട് സിറ്റി പദ്ധതിയുടെ ഒന്നാം ഘട്ട പൂർത്തീകരണം</u>**

2160 ശ്രീ. കെ. ശിവദാസൻ നായർ
,, വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഒന്നാം ഘട്ടം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സ്മാർട്ട് സിറ്റി പദ്ധതിയുടെ നിർവ്വഹണത്തിൽ ഇപ്പോൾ എന്തെങ്കിലും പ്രതിസന്ധികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ഐ. റ്റി. പാര്‍ക്കുകള്‍**

2161 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ ഐ.റ്റി. അധിഷ്ഠിതമായ എത്ര സ്ഥാപനങ്ങള്‍ പ്രവര്‍ത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) തിരുവനന്തപുരത്തെ ടെക്നോപാര്‍ക്ക് മാതൃകയില്‍ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇന്‍ഫോ ക്യാമ്പസുകള്‍ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തില്‍ ഐ.റ്റി. പാര്‍ക്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശം നല്‍കുമോ ;

(ഡി) എങ്കില്‍ എന്തെല്ലാം പ്രാരംഭ പ്രവര്‍ത്തനങ്ങള്‍ നടത്തി ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**മലപ്പുറം ഐ.ടി. ഇൻഫോ പാർക്ക്**

**2162 ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെവിടെയെങ്കിലും പുതുതായി ഐ.ടി ഇൻഫോ പാർക്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ മലപ്പുറം ജില്ലയിൽ ഐ.ടി. ഇൻഫോ പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ മലപ്പുറം ജില്ലയിൽ പുതിയ ഐ.ടി ഇൻഫോ പാർക്ക് സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കേരളത്തിലെ ഐ.റ്റീ പാർക്കുകൾ**

2163 **ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര ഐ.റ്റി പാർക്കുകളാണുള്ളത്; അവ ഏതെല്ലാമാണ്;

(ബി) അവ ഓരോന്നിലും എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്, പ്രസ്തുത സ്ഥാപനങ്ങളിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്, എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കഴക്കൂട്ടത്തെ ടെക്നോപാർക്കിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ഡി) അവിടെ കൂടുതൽ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിക്കാൻ ആലോചിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത് എപ്രകാരം നല്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(എഫ്) കഴക്കൂട്ടത്തിന് സമീപം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ടെക്നോസിറ്റിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

**കേരള നിയമസഭ**

**19.06.2012 -ലെ മറുപടിക്ക്**

**<u>ഓരോ നിയോജക മണ്ഡലത്തിലും ഐ.ടി പാർക്ക്</u>**

2164 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കേരളത്തിലെ ഓരോ നിയോജക മണ്ഡലത്തിലും ഐ.ടി പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഐ.റ്റി. പാർക്ക്</u>

2165

### ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മുൻസർക്കാർ കാസർഗോഡ് ജില്ലയിൽ അനുവദിച്ച ഐ.റ്റി. പാർക്ക് എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഐ.റ്റി. പാർക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>ചട്ടുകപ്പാറ ഐ. ടി. പാര്‍ക്ക്</u>

2166 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുറ്റ്യാട്ടൂര്‍ ചട്ടുകപ്പാറ യില്‍ മുന്‍സര്‍ക്കാരിന്റെ കാലത്ത് അനുവദിച്ച ഐ.ടിപാര്‍ക്ക് പ്രവര്‍ത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കില്‍ എന്തുകൊണ്ടെന്നും പാര്‍ക്കിന്റെ പ്രവര്‍ത്തനം എന്ന് ആരംഭിക്കാന്‍ കഴിയുമെന്നും അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരന്‍,
തിരുവനന്തപുരം സെക്രട്ടറി-ഇന്‍-ചാര്‍ജ്
2012 ജൂണ്‍ 10.

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.